"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - മതിലകം ബ്ലോക്ക് പഞ്ചായത്തിലെ ക്ലാർക്ക് ശ്രീ. അബ്ദുൾ റഹിമാൻ വി എ - യുടെ ക്ലറിക്കൽ തസ്തികയിലെ നിരീക്ഷണകാലം ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.837/2024/LSGD തീയതി,തിരുവനന്തപുരം, 09-05-2024**

---

പരാമർശം:-

1. തൃശ്ശൂർ ജില്ലാകളക്ടറുടെ 27/11/2019-ലെ RD1-06//2019 നമ്പർ ഉത്തരവ്.
2. തൃശ്ശൂർ ജില്ലാകളക്ടറുടെ 04/02/2023-ലെ ADCTSR/112/2023-RD2- നമ്പർ ഉത്തരവ്.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 11/04/2024-ലെ LSGD/PD/13164/2024-DEC4 നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ അബ്ദുൾ റഹിമാൻ വി എ തസ്തികമാറ്റം മുഖേന 01/08/2017-ൽ ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുകയുണ്ടായി. ടി തസ്തികയിലെ നിരീക്ഷണകാലം പൂർത്തീകരിക്കാൻ ആവശ്യമായ MOP ടെസ്റ്റ് യോഗ്യത യഥാസമയം പാസാകാത്തതിനാൽ, ടിയാൻ മൂന്നു വർഷത്തിൽ തുടർച്ചയായ രണ്ടുവർഷം പൂർത്തീകരിച്ച 01/08/2019 മുതൽ ഒരു വർഷത്തേയ്ക്ക്, ടിയാന്റെ നിരീക്ഷണകാലം പരാമർശം (2) പ്രകാരം നിയമനാധികാരിയായ തൃശ്ശൂർ ജില്ലാകളക്ടർ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ടി യാൻ MOP ടെസ്റ്റ് യോഗ്യത നേടിയത് 23/09/2021-ൽ ആണ്. ഈ സാഹചര്യത്തിൽ, 24/09/2021-ന് ശ്രീ അബ്ദുൾ റഹിമാൻ വി എ -യുടെ നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിനായി 25/09/2021 തീയതി വരെ പ്രോബേഷൻ കാലയളവ് ദീർഘിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

ടിയാന്റെ ക്ലാർക്ക് തസ്തികയിലെ നിയമനം പരാമർശം (1) പ്രകാരം ക്രമവൽക്കരിച്ചിട്ടുണ്ടെന്നും ടിയാന്റെ പേരിൽ വിജിലൻസ് കേസുകളോ അച്ചടക്ക നടപടികളോ നിലവിലില്ലായെന്നും ടിയാന്റെ സ്വഭാവവും പ്രവൃത്തിയും തൃപ്തികരമാണെന്നും നിരീക്ഷണകാലയളവിനെ ബാധിക്കുന്ന അവധികൾ ഒന്നും വിനിയോഗിച്ചിട്ടില്ലായെന്നും മതിലകം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായും വകുപ്പ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. തസ്തികമാറ്റം മുഖേന 01/08/2017 തീയതിയിൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ അബ്ദുൾ റഹിമാൻ വി എ

നിരീക്ഷണകാലം പൂർത്തീകരിക്കാൻ ആവശ്യമായ MOP ടെസ്റ്റ് യോഗ്യത 23/09/2021-ൽ നേടിയിട്ടുള്ളതിനാൽ ടി യാൻ മറ്റു വിധത്തിൽ യോഗ്യനെങ്കിൽ, ടിയാന്റെ നിരീക്ഷണകാലം 24.09.2021 പൂർവ്വാഹ്നം പ്രാബല്യത്തിൽ പൂർത്തിയാക്കിയതായി പ്രഖ്യാപിക്കാൻ സാധിക്കുമാറ്, ടിയാന്റെ നിരീക്ഷണകാലം നിയമനാധികാരി ദീർഘിപ്പിച്ചു നല്കിയിട്ടുള്ള കാലയളവിനു ശേഷം 01/08/2020 മുതൽ 25/09/2021 വരെ KS&SSRs Part II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ചു നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA.R.S.
**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം.

ശ്രീ അബ്ദുൾ റഹിമാൻ വി എ, ക്ലർക്ക്, മതിലകം ബ്ലോക്ക് പഞ്ചായത്ത്. (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ജില്ലാ കളക്ടർ, തൃശ്ശൂർ.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്.
(ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Suja M
Date: 09-05-2024 14:49:57

സെക്ഷൻ ഓഫീസർ